പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 187 **12-10-2026-ൽ മറുപടിയ്ക്ക്**

<u>കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ സംവിധാനം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

<u>മറുപടി:</u> കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ തലത്തിൽ ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) തൃശ്ശൂർ - കോഴിക്കോട് ദേശീയപാതയുടെ സമീപത്ത് സ്ഥിതി ചെയ്യുന്നതിനാലും കുറ്റിപ്പുറം റെയിൽവേ സ്റ്റേഷൻ, പ്രധാന സംസ്ഥാന / ജില്ലാ റോഡുകൾ കടന്നു പോകുന്ന പ്രദേശമായതിനാലും അടിയന്തര ചികിത്സതേടി നിരവധി രോഗികൾ കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ നിത്യേന എത്തുന്നത് കണക്കിലെടുത്ത് ട്രോമ കെയർ സജ്ജീകരണങ്ങൾ ആശുപത്രിയിൽ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> കുറ്റിപ്പുറം താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ തലത്തിൽ ടി പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച തുടർനടപടി സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ